**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2242** **14-10-2024 - ൽ മറുപടിയ്ക്ക്**

**അനധികൃത മദ്യവ്യാപാരവുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാരകമായ മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവ സംസ്ഥാനത്ത് എത്തുന്നതിന്റെ കണക്ക് എക്സൈസ് വകുപ്പിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ 2014 മുതലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നിയമവിരുദ്ധമായി കൊണ്ടുവന്ന മാരകമായ മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവയുടെ അളവ് കണക്കാക്കിയിട്ടില്ല. 2014 മുതൽ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത മാരകമായ മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഏതെല്ലാം തരത്തിലുള്ള ലഹരിവസ്തുക്കളും സിന്തറ്റിക് ഡ്രഗുകളുമാണ് സംസ്ഥാനത്ത് എത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കഞ്ചാവ്, ഹാഷിഷ്, ഹാഷിഷ് ഓയിൽ, ലഹരി ഗുളികകൾ, മെത്താഫിറ്റാമിൻ, എം.ഡി.എം.എ, ബ്രൗൺഷുഗർ, ഓപ്പിയം, ചരസ്, എൽ.എസ്.ഡി, ഹെറോയിൻ, ആംപ്യൂൾസ്, കൊക്കെയിൻ, മാജിക് മഷ്റൂം, മെഫന്റർമൈൻ സൾഫേറ്റ്, ട്രമഡോൾ എന്നീ ലഹരിവസ്തുക്കളും സിന്തറ്റിക് ഡ്രഗുകളുമാണ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുള്ളത്. |
| (സി) | മദ്യത്തിന്റെ ഉപഭോഗവും വിൽപ്പനയും സംസ്ഥാനത്ത് കുറയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;എങ്കിൽ നിജസ്ഥിതി വ്യക്തമാക്കാമോ; | (സി) | 2022-23 വർഷത്തെ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ 2023-24ൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യം 3.14 ലക്ഷം കെയ്സിന്റെയും ബിയർ 7.82 ലക്ഷം കെയ്സിന്റെയും കുറവുണ്ടായിട്ടുണ്ട്. |
| (ഡി) | അനധികൃത മദ്യവ്യാപാരവുമായി (നിർമ്മാണം, വിതരണം, സംഭരണം) ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആയതിന്റെ കഴിഞ്ഞ 10 വർഷത്തെ കണക്ക് ലഭ്യമാക്കാമോ? | (ഡി) | അനധികൃത മദ്യവ്യാപാരവുമായി (നിർമ്മാണം, വിതരണം, സംഭരണം) ബന്ധപ്പെട്ട് കഴിഞ്ഞ 10 വർഷമായി സംസ്ഥാനത്തൊട്ടാകെ 1,15,436 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| കഞ്ചാവ് | 23743.466 കി.ഗ്രാം |
| കഞ്ചാവ് ചെടി | 19903 എണ്ണം |
| ഹാഷിഷ് | 72.176 കി.ഗ്രാം |
| ഹാഷിഷ് ഓയിൽ | 130.79 കി.ഗ്രാം |
| ലഹരി ഗുളികകൾ | 70099 എണ്ണം |
| മെത്താഫിറ്റാമിൻ | 29.12 കി.ഗ്രാം |
| എം.ഡി.എം.എ | 19.449 കി.ഗ്രാം |
| ബ്രൗൺഷുഗർ | 1.882 കി.ഗ്രാം |
| ഓപ്പിയം | 5.79 കി.ഗ്രാം |
| ചരസ് | 3.112 കി.ഗ്രാം |
| എൽ.എസ്.ഡി | 103.84 ഗ്രാം |
| ഹെറോയിൻ | 7.395 കി.ഗ്രാം |
| ആംപ്യൂൾസ് | 386 എണ്ണം |
| കൊഡൈൻ | 1.5 ഗ്രാം |
| കൊക്കെയിൻ | 13.45 ഗ്രാം |
| മാജിക് മഷ്റൂം | 0.515 ഗ്രാം |
| മെഫന്റർമൈൻ സൾഫേറ്റ് (ഐ.പി) | 74 മി.ഗ്രാം |
| ട്രമഡോൾ | 0.002 ഗ്രാം |

സെക്ഷൻ ഓഫീസർ